"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

സർക്കുലർ നം.80/2023/ധന

**ധനകാര്യ (വ്യയം - എ) വകുപ്പ്**
തിരുവനന്തപുരം,
തീയതി : 14.08.2023

## സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ്- വിവിധ വകുപ്പുകളിലെ തസ്തികകളുടെ Cadre Strength, SPARK-ൽ update ചെയ്യുന്നത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- സ.ഉ.(അ) നം.117/2022/ധന തീയതി, 29/09/2022.

സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്ത തസ്തികകൾക്കും ശമ്പളം മാറുന്നതിനു കഴിയുന്ന രീതിയിൽ ആണ് SPARK സംവിധാനം നിലവിലുള്ളത്. ഈ പരിമിതി മാറ്റുന്നതിന് അംഗീകാരമില്ലാത്ത തസ്തികകൾക്ക് സ്പാർക്കിൽ നിന്നും ശമ്പളം മാറാൻ കഴിയാത്ത രീതിയിൽ സ്പാർക്ക് സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓരോ തസ്തികകളുടെയും കേഡർ സ്ട്രെങ്ത് SPARK ൽ update ചെയ്താൽ മാത്രമേ സൂചന ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് SPARK സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിന് സാധിക്കൂ. ഇത് സംബന്ധിച്ച് വകുപ്പ് മേധാവികൾക്ക് പല പ്രാവശ്യം നിർദ്ദേശങ്ങൾ നൽകുകയും 17.01.2023 തീയതിയിൽ എല്ലാ വകുപ്പുകളെയും പങ്കെടുപ്പിച്ച് യോഗം നടത്തി 31.01.2023 ന് മുൻപായി എല്ലാ വകുപ്പുകളും കേഡർ സ്ട്രെങ്ത് update ചെയ്യണം എന്ന അറിയിപ്പ് നൽകുകയും ചെയ്തു. എന്നാൽ ചില വകുപ്പുകൾ ഇതുവരെ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഏകദേശം ഒരു വർഷം മുൻപ് ഇറക്കിയ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയാത്തത് സർക്കാർ ഗൗരവത്തോടെ കാണുന്നു. ആയതിനാൽ SPARK PMU നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ കേഡർ സ്ട്രെങ്ത് update ചെയ്യുന്നതിനു വേണ്ടി എല്ലാ വകുപ്പുകൾക്കും **31.08.2023** വരെ സമയം നൽകുന്നു. അതിന് ശേഷം കേഡർ സ്ട്രെങ്ത് update ചെയ്യാത്ത വകുപ്പുകളിൽ 01.09.2023 ന് ശേഷം പുതിയ തസ്തികകൾ SPARK-ൽ ചേർക്കാൻ അനുവദിക്കുന്നതല്ല എന്ന് എല്ലാ വകുപ്പുകൾക്കും അറിയിപ്പ് നൽകുന്നു. SPARK PMU അപ്രകാരമുള്ള ക്രമീകരണം software ൽ വരുത്തേണ്ടതാണ്.

സഞ്ജയ് എം.കൗൾ
ധനകാര്യ (വ്യയം) സെക്രട്ടറി

പകർപ്പ്
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ